"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചാലക്കുടി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന വി.കെ. സുബ്രന്റെ 11.11.2004 മുതൽ 05.10.2006 വരെയുള്ള അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.2875/2022/LSGD തീയതി,തിരുവനന്തപുരം, 21-11-2022

---

പരാമർശം:- 1. കൊച്ചി നഗരസഭാസെക്രട്ടറിയുടെ 04.03.2022 തീയതിയിലെ ഐ.എസ്.ഒ/പി.ഡി.2/3182/2015 നമ്പർ കത്ത്.

2. നഗരകാര്യഡയറക്ടറുടെ 16.04.2022 തീയതിയിലെ ഇ8- 38115/2017 നമ്പർ കത്ത്.

**ഉത്തരവ്**

ചാലക്കുടി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ മരണമടഞ്ഞ വി.കെ. സുബ്രൻ, കൊച്ചി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 11.11.2004 മുതൽ 05.10.2006 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിനായി കൊച്ചി നഗരസഭാ സെക്രട്ടറിയുടെ കത്ത് സഹിതം, നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ 22.09.2013-ൽ മരണമടഞ്ഞ വി.കെ. സുബ്രൻ, കൊച്ചി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 11.11.2004 മുതൽ 05.10.2006 വരെയുള്ള കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം 1 ചട്ടം 88(iii) പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDUMOLE M
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വി.കെ. സുബ്രൻ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, ചാലക്കുടി നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന - സേവനപുസ്തകത്തിൽ പതിക്കുന്നതിന്)
സെക്രട്ടറി, ചാലക്കുടി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 21-11-2022 14:33:01
സെക്ഷൻ ഓഫീസർ